# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:*569 — 04/07/2019 ൽ മറുപടിക്ക്

## കശുവണ്ടി മേഖലയിൽ തൊഴിൽ ഉറപ്പാക്കുവാൻ നടപടി

**ചോദ്യം**

ശ്രീ.ആർ. രാജേഷ്
ശ്രീ. രാജു എബ്രഹാം
ശ്രീ. എം. നൗഷാദ്
ശ്രീ. എൻ. വിജയൻ പിള്ള

**ഉത്തരം**

ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | കശുവണ്ടിത്തൊഴിലാളികൾക്ക് മിനിമം ഇരുന്നൂറ് തൊഴിൽ ദിനം ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ നടത്തിവരുന്ന ഇടപെടലുകൾ എന്തെല്ലാമാണ് ; | (എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൊതുമേഖലയിലുള്ള ഫാക് ടറികൾ എല്ലാം തന്നെ അടഞ്ഞു കിടക്കുകയായിരുന്നു. സർക്കാർ ഇടപെടലിലൂടെ 2016 ഓണത്തിന് മുൻപ് ഫാക് ടറികൾ എല്ലാം തന്നെ തുറന്നു പ്രവർത്തിപ്പിക്കുകയും ഫാക് ടറികൾ എല്ലാം തന്നെ തുടർച്ചയായി പ്രവർത്തിച്ചു വരികയുമാണ്. തോട്ടണ്ടിയുടെ ദൗർലഭ്യ-മായിരുന്നു കശുവണ്ടി വ്യവസായം അഭിമുഖീകരിച്ച പ്രധാന പ്രതിസന്ധി. ഇത് പരിഹരിക്കുന്നതിനായി കശുവണ്ടി നേരിട്ട് ഇറക്കുമതി ചെയ്യുന്നതിനായി കേരളാ കാഷ്യൂ ബോർഡ് രൂപീകരിച്ച് പൊതു മേഖലാ സ്ഥാപനങ്ങളായ കാപെക്സിനും, കെ.എസ്.സി.ഡി.-സി.യ്ക്കും ആവശ്യമായ തോട്ടണ്ടി നൽകി വരികയാണ്. ആവശ്യപ്പെടുന്ന പക്ഷം സ്വകാര്യ വ്യവസായികൾക്കും എസ് ക്രൊ അക്കൗണ്ട് അടിസ്ഥാനത്തിൽ തോട്ടണ്ടി ലഭ്യമാക്കാൻ കാഷ്യൂ ബോർഡ് സന്നദ്ധമാണ്. കോർപ്പറേഷനും കാപ്പക്സിനും ഈ വർഷം അവസാനം പ്രവർത്തിക്കുന്നതിനുള്ള തോട്ടണ്ടി ബോർഡ് മുഖാന്തിരം സ്റ്റോക്ക് ചെയ്തിട്ടുണ്ട്.<br>കടക്കെണിയിലായ സ്വകാര്യ വ്യവസായങ്ങൾ ധനകാര്യ സ്ഥാപനങ്ങ-ളിൽ നിന്നും പ്രവർത്തന മൂലധനം ലഭ്യമാക്കി തുറപ്പിക്കുന്നതിനുള്ള പുനരു- |

| | | | |
|---|---|---|---|
| | | | ദ്ധാരണ പാക്കേജ് നടപ്പിലാക്കി വരുകയാണ്. നിരവധി വ്യവസായ-ങ്ങൾക്ക് ഇതിനകം ബാങ്കുകൾ വായ്പ അനുവദിച്ചിട്ടുണ്ട്. ബാങ്കുകൾ അനുവദി-ക്കുന്ന പ്രവർത്തന മൂലധനത്തിന്റെ പലിശ സർക്കാർ വഹിക്കുന്നമെന്നുള്ളതാണ് പുനരുദ്ധാരണ പാക്കേജിന്റെ പ്രത്യേകത. തോട്ടണ്ടി സംസ്കരണ യൂണിറ്റുള്ള വ്യവസായികളുടെ KGST/VAT കുടിശ്ശികയിന്മേലുള്ള റവന്യൂ റിക്കവറി നടപടികൾ ഒരു വർഷത്തേയ്ക്ക് നിർത്തി വച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞു. |
| (ബി) | സംസ്ഥാനത്തെ വ്യവസായത്തിന് ആവശ്യമായ തോട്ടണ്ടി ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെ അതാതിടത്തെ സർക്കാരുകൾ മുഖാന്തരം തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിന് നടത്തുന്ന ശ്രമം അറിയിക്കാമോ; ടാൻസാനിയയിൽ നിന്നും കശുവണ്ടി ലഭിക്കാനുള്ള സാധ്യത വിനിയോഗിക്കുന്നുണ്ടോ; | (ബി) | കശുവണ്ടി ഉൽപ്പാദക രാജ്യങ്ങളിൽ നിന്ന് ഗവൺമെന്റ്-ടു-ഗവൺമെന്റ് സംവിധാനത്തിൽ തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്യുന്നതിനുള്ള ശ്രമങ്ങൾ കാഷ്യൂ ബോർഡ് നടത്തിവരുന്നു. ഇതിന്റെ ഭാഗമായി ഐവറി കോസ്റ്റിലെ കോട്ടൺ & കാഷ്യൂ കൗൺസിലുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. സെനഗലും ഇപ്രകാരമുള്ള ഒരു ധാരണയ്ക്ക് താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ടാൻസാനിയ ഗവൺമെന്റ് അവിടെ സ്റ്റോക്കുള്ള തോട്ടണ്ടിയുടെ വിപണന-ത്തിന് കേരള കാഷ്യൂബോർഡിന്റെ സഹകരണം അഭ്യർത്ഥിച്ചിട്ടുണ്ട്. ഗുണനിലവാരവും ന്യായവിലയും ഉറപ്പാക്കി. ടാൻസാനിയായിൽ നിന്നും തോട്ടണ്ടി സംഭരിക്കുന്നതിനുള്ള സാധ്യത പരിഗണിക്കുന്നതാണ്. |
| (സി) | കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികളിൽ മൂവായിരം പേർക്കുകൂടി തൊഴിൽ നൽകും വിധം പ്രവർത്തനം വിപുലീകരിക്കാനായിട്ടു-ണ്ടോയെന്ന് അറിയിക്കാമോ; | (സി) | കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളിൽ ഭാഗീക യന്ത്രവത്ക്കരണത്തിന്റെ ഭാഗമായി ഷെല്ലിംഗിൽ കട്ടിങ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. കട്ടിംഗിൽ പുതിയ തൊഴിലാളികളെ എടുക്കുന്നതിന് അപേക്ഷ ക്ഷണിച്ച് ടെസ്റ്റ് വർക്ക് |

| | | | |
|---|---|---|---|
| | | | നടത്തിയിട്ടുള്ളതും ഇപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും കട്ടിംഗിലേക്ക് പരമാവധി തൊഴിലാളികളെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. ഫുൾ കപ്പാസിറ്റി യൂട്ടിലൈസേഷന്റെ ഭാഗമായി പാരിറ്റി സംരക്ഷിക്കത്തക്ക തരത്തിൽ ഇതിനനുസരണമായി പീലിംഗ്. ഗ്രേഡിംഗ് സെക്ഷനുകളിലും ആവശ്യാനുസരണം തൊഴിലാളികളെ നിയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | തൊഴിൽ നഷ്ടത്തിനിടയാകാത്തവിധം യന്ത്രവൽക്കരണത്തിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | ഈ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമായ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടാതെ ഭാഗികമായ യന്ത്രവത്ക്കരണവും, ആധുനിക വത്ക്കരണവും നടത്തിവരികയാണ്. |

Radhakh

**സെക്ഷൻ ഓഫീസർ**